**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരൂർ ഗവ. ജില്ലാ ആശുപത്രി പാലിയേറ്റീവ് വിഭാഗം, സാന്ത്വന കൂട്ടായ്മ - തിരൂർ താലൂക്കിലെ ഗ്രാമപഞ്ചായത്തുകളുടെയും തിരൂർ താനൂർ മുനിസിപ്പാലിറ്റികളുടെയും തനത് ഫണ്ടിൽ നിന്നും സംഭാവന ചെയ്യുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 836/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 23.03.2017

പരാമർശം:- 1. സ.ഉ.(എം.എസ്)58/06/തസ്വഭവ തീയതി 16/02/2006.
2. തിരൂർ ഗവ. ജില്ലാ ആശുപത്രി പാലിയേറ്റീവ് വിഭാഗം, സാന്ത്വന കൂട്ടായ്മ പ്രവർത്തകർ സമർപ്പിച്ച 25.02.2017 ലെ അപേക്ഷ.

**ഉത്തരവ്**

തിരൂർ ഗവ. ആശുപത്രിയിൽ 2012 ഡിസംബർ മാസം , നിത്യവേദനയിൽ കഴിയുന്ന നിരാലംബരും ശയ്യാവലംബികളുമായ കാൻസർ രോഗികളുടെ ജീവിതനിലവാരവും, വേദനാരഹിതമായ ശിഷ്ട ജീവിതവും ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തനമാരംഭിച്ച പാലിയേറ്റീവ് ക്ലിനിക്കിന്റെ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സഹായം ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം പെയ്ൻ & പാലിയേറ്റീവ് ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. തിരൂർ ഗവ. ആശുപത്രിയിൽ 2012 ഡിസംബർ മാസം പ്രവർത്തനമാരംഭിച്ച പാലിയേറ്റീവ് ക്ലിനിക്കിന്റെ കാരുണ്യ പ്രവർത്തനങ്ങൾക്കായി തിരൂർ താലൂക്കിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും തിരൂർ, താനൂർ മുനിസിപ്പാലിറ്റികളിൽ നിന്നും 50,000/- (അമ്പതിനായിരം രൂപ മാത്രം) രൂപ വീതം സംഭാവന നൽകാൻ അവരുടെ കമ്മിറ്റി/ കൗൺസിൽ തീരുമാനത്തിനും പരാമർശം (1) ലെ ഉത്തരവിനും വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭാവന തുകയുടെ വിശദമായി വിനിയോഗ റിപ്പോർട്ടും സാക്ഷ്യപത്രവും ആഡിറ്റ് സ്റ്റേറ്റ്മെന്റിനൊപ്പം തിരൂർ ഗവ. ആശുപത്രിയിലെ പെയ്ൻ & പാലിയേറ്റീവ് ഡിപ്പാർട്ട്മെന്റിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ. വി.കെ.ബേബി ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് പകർപ്പ് ലഭ്യമാക്കുന്നതിന്)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം ( ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾക്ക് പകർപ്പ് ലഭ്യമാക്കുന്നതിന്)
പെയ്ൻ & പാലിയേറ്റീവ് ഡിപ്പാർട്ട്മെന്റ്, തിരൂർ ഗവ. ജില്ലാ ആശുപത്രി, തിരൂർ
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ